# എ റൊമാൻസ് ഓഫ് ടു വേൾഡ്സ്

(A Romance of Two Worlds)

'എന്റെ ഈ ചിത്രം വാസ്തവത്തിൽ നിങ്ങൾ ഇഷ്ടപ്പെട്ടുവെങ്കിൽ ദയവായി അതിനെ പ്രശംസിച്ച് ഒന്നും പറയാതിരിക്കൂ. പ്രശംസാവചനങ്ങൾക്ക് അതീതമല്ലാ അതിന്റെ മേന്മ എന്ന് സ്വയം സമ്മതിക്കേണ്ടിവരുന്ന അപമാനത്തിൽ നിന്ന് എന്നെ ഒഴിവാക്കൂ. ഒരു കലാസൃഷ്ടിക്കു ലഭിക്കാവുന്ന ഏറ്റവും മഹത്തായ അഭിനന്ദനം മൗനമാണ് - ദൈവീകമൗനം".

ഫ്രഞ്ച് നോവലിസ്റ്റായ മേരി കോറെല്ലിയുടെ ആദ്യ നോവലാണ് 'എ റൊമാൻസ് ഓഫ് ടു വേൾഡ്സ്'. ഒരു കഥാപാത്രമായ റാഫല്ലോ ഹെലിനി എന്ന യുവ ചിത്രകാരൻ ഒരിടത്ത് പറയുന്ന വാക്കുകളാണ് മേലുദ്ധരിച്ചത്. ഇതിലെ തന്നെ മറ്റൊരു കഥാപാത്രമായ മിസ്സിസ്സ് എവർവേഡ്സ് അഭിപ്രായപ്പെടുന്നതുപോലെ 'ബഹുഭൂരിപക്ഷം കലാകാരൻമാരും അനർഹമായിട്ടാണെങ്കിൽ പോലും പ്രശംസ പിടിച്ചുപറ്റാൻ ആഗ്രഹിക്കുന്നവരാണ്. ഹെലിനി ഇവരിൽ നിന്നും വേറിട്ടു നിൽക്കുന്നു. സാധാരണ നോവലുകളിൽ നിന്ന് അതുപോലെ തികച്ചും വിഭിന്നമായ അനുഭൂതിയാണ് ഈ നോവൽ വായനക്കാരന് സമ്മാനിക്കുന്നത്. "ഞാൻ" എന്ന സ്ത്രീ കഥാപാത്രം ഒരുകാലത്ത് തനി

## പുസ്തകക്ഷേത്രം – 2

**അഡ്വ. പി.രാംദാസ്**

ച്ചുണ്ടായ അനുഭവങ്ങൾ വിവരിക്കുന്ന രീതിയിൽ രചിച്ചിട്ടുള്ള ഈ നോവലിലെ മുഖ്യകഥാപാത്രം ഹെലിനി അല്ല "എന്നെ ഞാൻ ആക്കി മാറ്റിയ മഹാനായ ഗുരു" എന്ന് ഹെലിനി ആദരപൂർവ്വം അനുസ്മരിക്കുന്ന 'ഹീലിയോബാസ്' എന്ന മധ്യവയസ്സ് പിന്നിട്ട 'പ്രഭു' വാണ് ഈ അസാമാന്യ മനുഷ്യരൂപമായി 'ഞാൻ' കണ്ടുമുട്ടാൻ കാരണമായിത്തീരുന്നത് ഹെലിനിയാണ് - നോവലിന്റെ ആരംഭത്തിൽ 'ഞാൻ' എന്ന കഥാപാത്രത്തെ ഏതോ കഠിനമായ രോഗം ബാധിച്ച് ശാരീരികമായും മാനസികമായും തികഞ്ഞ അവശനിലയിലാണ് നാം കണ്ടുമുട്ടുന്നത്. ഹീലിയോബാസിനെ കണ്ടുമുട്ടുന്നതുവഴി അവർക്ക് പരിപൂർണ്ണമായ രോഗശാന്തി ലഭിക്കാനിടവരുന്നു. കൂടാതെ "ഞാൻ" എന്ന കഥാപാത്രത്തിന് ഹീലിയോബാസിനെ കണ്ടതിനുശേഷം ഉണ്ടാകുന്ന വിചിത്രാനുഭവങ്ങളും നോവലിസ്റ്റ് വിവരിക്കുന്നുണ്ട്. അവ ചില പ്രത്യേക ശാസ്ത്രീയ സിദ്ധാന്തങ്ങൾ വിശദമാക്കുന്നവയാണ്. മറ്റുചിലത് ഇനിയും ശാസ്ത്രത്തിന് എത്തിനോക്കാൻ സാധിച്ചിട്ടില്ലാത്ത മേഖലകളിലേക്ക് ഭാവനയുടെ വെളിച്ചം പകരുന്നതും.

നോവലിൽ മേൽപറഞ്ഞവർ കൂടാതെ ശ്രദ്ധേയമായ രണ്ട് കഥാപാത്രങ്ങൾ കൂടി ഉണ്ട്. ഹീലിയോബാസിന്റെ സഹോദരി "സാറ"യും സുഹൃത്തായ 'ഐവാൻ' എന്ന പ്രഭുകുമാരനും. സൗന്ദര്യധാമമായ സാറയെ ഐവാൻ പ്രണയിക്കുകയും വിവാഹം കഴിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നുണ്ടെങ്കിലും സാറക്ക് ഐവാനോട് ആ തരത്തിലുള്ള പ്രത്യേക താല്പര്യമൊന്നും ഉണ്ടായിരുന്നില്ല.

യുവതിയായ സാറയെ പ്രത്യേക

ത്തിൽ ഒരു സൗന്ദര്യദേവതയായിട്ടാണ് നോവലിസ്റ്റ് അവതരിപ്പിക്കുന്നതെങ്കിലും യഥാർത്ഥത്തിൽ അവൾ മധ്യവയസ്കയായ ഒരു സ്ത്രീയാണ്. പ്രത്യേക സാഹചര്യത്തിൽ സംഭവിക്കുന്ന സാറയുടെ മരണവും നോവലിൽ വിവരിക്കുന്നുണ്ട്.

രോഗവിമുക്തിയും സാറയുടെ മരണവും തുടർന്ന് ഹീലിയോബാസിനോട് യാത്രപറഞ്ഞ് "ഞാൻ" എന്ന കഥാപാത്രം വേർപിരിയുന്നതോടുകൂടി അസാധാരണമായ ഈ കഥക്ക് തിരശ്ശീല വീഴുന്നു.

മേൽചേർത്ത ലഘുവിവരണത്തിൽ നിന്ന് നോവലിന്റെ ഉള്ളടക്കത്തെപ്പറ്റി വായനക്കാരന് ഉണ്ടാകാവുന്ന അറിവ് ഒട്ടുംതന്നെ പൂർണ്ണമായിരിക്കാൻ ഇടയില്ല. കാരണം നോവലിലെ ഉള്ളടക്കം ഇത്രയും ചെറിയ ലേഖനത്തിന് വിഷയമാക്കാവുന്ന വിധത്തിലുള്ളതല്ല. വളരെയേറെ കഥാപാത്രങ്ങളോ സംഭവങ്ങളോ ഒന്നുമില്ലെങ്കിലും കഥയിൽ നൂതനങ്ങളായ ചില ആശയങ്ങളും സിദ്ധാന്തങ്ങളും ആവിഷ്ക്കരിക്കാനും വിശദീകരിക്കാനും നോവലിസ്റ്റ് ശ്രമിച്ചിരിക്കുകയാണ്. ഗൗരവത്തോടെ ഈ നോവൽ വായിക്കാൻ കയ്യിലെടുക്കുന്ന വായനക്കാരന് അത് ഒട്ടും അരോചകമായി തോന്നാൻ ഇടയില്ലെന്നുകൂടി ചൂണ്ടികാണിക്കേണ്ടിയിരിക്കുന്നു.

മേരികോറെലിയുടെ ആദ്യ നോവലാണ് "റൊമാൻസ് ഓഫ് ടു വേൾഡ്സ്". 18-ാം നൂറ്റാണ്ടിൽ പരിഷ്ക്കാരത്തിന്റെ കേന്ദ്രമായ ഫ്രാൻസിൽ ആണ് നോവലിസ്റ്റ് ജീവിച്ചിരുന്നത് എന്ന വസ്തുത ഈ നോവലിനെ ശ്രദ്ധേയമാക്കുന്നു. അതീന്ദ്രിയമാനങ്ങളുള്ള കഥയാണ് നോവലിൽ വിവരിച്ചിരിക്കുന്നത്.

ഈ നോവൽ വായിച്ചതിനുശേഷം പലർക്കും അവരുടെ ജീവിതത്തിൽ വന്നുചേർന്നിട്ടുള്ള ആശാവഹമായ പരിവർത്തനങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള ഒരുപിടി കത്തുകളും നോവലിന്റെ അവസാന ഭാഗത്ത് ചേർത്തിട്ടുണ്ട്.

മേരികോറെലിയുടെ മറ്റു നോവലുകൾ 'മൈറ്റി ആറ്റം (Mighty Atom), ടെംപറൽ പവർ (Temporal Power), സോറോസ് ഓഫ് സത്താൻ (Sorrows of Sathan), സോൾ ഓഫ് ലിലിത് (Soul of Lilith) എന്നിവയാണ്. ഇവയും സാധാരണ നോവലുകളിൽ നിന്ന് വ്യത്യസ്തമായവതന്നെ.